I ഇ.ബി. XV- കേരള നിയമസഭ/XI-6

# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂൺ 21, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

21(*151) കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചികിത്സയുമായി ബന്ധപ്പെട്ട് മനുഷ്യ അവയവങ്ങളുടെയും ടിഷ്യൂകളുടെയും നീക്കം ചെയ്യൽ, സംഭരണം, മാറ്റിവയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും വാണിജ്യ ഇടപാടുകൾ തടയുന്നതിനും സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ)

പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിന്റെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നതിനുപുറമെ സംസ്ഥാന സർക്കാരിന്റെ DDMOTP (Deceased Donor Multi Organ Transplantation Program) പദ്ധതിയുടെ നടത്തിപ്പും കെ-സോട്ടോയുടെ ചുമതലയാണ്. ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമന്ത്രി അധ്യക്ഷയായ ഗവേണിംഗ് ബോഡി നയപരമായ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും നിശ്ചിത ഇടവേളകളിൽ പ്രവർത്തന പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നു. മരണാനന്തര അവയവദാന ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫുകൾ, ജില്ലാതല ആതറൈസേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് പരിശീലനം നൽകുക, അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ലൈസൻസ് നൽകുക, ശസ്ത്രക്രിയയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള പ്രോട്ടോക്കോളുകൾ കാര്യക്ഷമമാക്കുക, ക്രമക്കേടുകൾക്കെതിരെ അച്ചടക്കനടപപടി കൈക്കൊള്ളുക, അവയവ മാറ്റിവയ്ക്കൽ പ്രവർത്തനങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുക തുടങ്ങിയ

പ്രവർത്തനങ്ങളും അവയവമാറ്റ ശസ്ത്രക്രിയാനന്തര ആഡിറ്റും കെ-സോട്ടോയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. അവയവദാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ജീവിച്ചിരിക്കുന്നവരിലെ അവയവദാനത്തിലൂടെ 5169 പേർക്ക് വൃക്കയും 1303 പേർക്ക് കരളും ലഭ്യമായിട്ടുണ്ട്. കെ-സോട്ടോ നിലവിൽ വന്നതിനുശേഷം ട്രാൻസ്പ്ലാന്റ് സെന്ററുകൾക്ക് സമയബന്ധിതമായി ലൈസൻസ് നൽകുന്നതിനും അവയവമാറ്റത്തിന് രജിസ്ട്രി തയ്യാറാക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നും മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നുണ്ടെന്നും ബന്ധുവേതര അവയവമാറ്റവുമായി ബന്ധപ്പെട്ട് ഹാജരാക്കേണ്ട രേഖകളിൽ കുറവുവരുത്തുന്ന കാര്യവും സാക്ഷ്യപത്രം നൽകുന്നതിൽനിന്ന് ജനപ്രതിനിധികളെ ഒഴിവാക്കുന്നതും പരിശോധിക്കുന്നതാണെന്നും കോഴിക്കോട് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചുവരികയാണെന്നും രജിസ്റ്റർ ചെയ്ത ആൾ അവയവമാറ്റത്തിനുമുമ്പ് മരണപ്പെടുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ തിരികെ

നൽകുന്ന കാര്യം പരിഗണിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

22(*152) മൃതസഞ്ജീവനി പദ്ധതി

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മരണാനന്തര അവയവദാനത്തിനായി സമഗ്ര പ്രോട്ടോക്കോളും SOP-യും തയ്യാറാക്കുകയും ഏറ്റവും ഉയർന്ന നിരക്കിൽ മരണാനന്തര അവയവദാനം നടത്തുകയും ചെയ്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണെന്ന് സഭയെ അറിയിച്ചു. മസ്തിഷ്ക മരണം സ്ഥിരീകരിച്ച് അവയവദാനം തിരഞ്ഞെടുക്കാത്ത സാഹചര്യത്തിൽ രോഗികൾക്ക് വെന്റിലേറ്റർ സപ്പോർട്ട് നിർത്തിവയ്ക്കുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കിയതും കേരളത്തിലാണ്. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യവും നിഷ്പക്ഷവുമാക്കുന്നതിനും മരണാനന്തര അവയവദാനം സംബന്ധിച്ച് പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുമായാണ് സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുള്ളത്. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായതിനാൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ബന്ധുവേതര അവയവദാനത്തിൽ

സാമ്പത്തിക ഇടപാട് നടക്കുന്നില്ലെന്ന് ജില്ലാതല ആതറൈസേഷൻ കമ്മിറ്റി ഉറപ്പുവരുത്തുന്നതിനുപുറമെ അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകൾ, അവയവദാനത്തിനുശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ച് ദാതാവിനെ ബോധ്യപ്പെടുത്തുകയും കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് നടപടിക്രമങ്ങൾ വീഡിയോ റെക്കോഡ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. അവയവമാറ്റവുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ തടയുന്നതിന് ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ കെ-സോട്ടോ മുഖാന്തരം ആഡിറ്റിംഗ് നടത്തുണ്ടെന്നും സ്വകാര്യ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയാ നിരക്ക് ഏകീകരിക്കുന്നതിന് ഇടപെടൽ നടത്തുമെന്നും ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് സബ്സിഡൈസ്ഡ് നിരക്കിൽ മരുന്നുകൾ സീറോ പ്രോഫിറ്റ് സ്റ്റോറുകളിലൂടെ നൽകാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23(*153) തീരപരിപാലന നിയമം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തീരദേശവാസികൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ അംഗീകാരത്തിനായി നാഷണൽ സെന്റർ

ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന് (NCSCM) കൈമാറിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പ്ലാൻ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് 66 തീരദേശ ഗ്രാമപഞ്ചായത്തുകൾ CRZ II-ലേക്ക് മാറ്റപ്പെടുകയും പൊക്കാളി പാടങ്ങൾ/അനുബന്ധ പ്രദേശങ്ങൾ, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1000 ച.മീ കൂടുതൽ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന കണ്ടൽകാടുകളുടെ ചുറ്റുമുണ്ടായിരുന്ന ബഫർ സോൺ എന്നിവ CRZ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കപ്പെടുകയും ഉൾനാടൻ ജലാശയങ്ങളുടെ നിർമ്മാണ നിരോധിത മേഖല 50 മീറ്ററായി കുറയുകയും ചെയ്യുന്നതാണ്. തീരദേശത്തെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലെ സി.ആർ.ഇസഡ്. വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിവരുന്നുണ്ട്. പുതിയ പരിപാലന പ്ലാൻ നടപ്പാകുന്ന മുറയ്ക്ക് 300 ച.മീ വരെയുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാനാകും. CRZ II-ന്റെ പരിധിയിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുമെന്നും തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽകരിക്കുന്നതിനും

ഐെലൻ്റ് മാനേജ്മെൻ്റ് പ്ലാൻ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

24(*154) <u>അവയവക്കടത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, അവയവ റാക്കറ്റുകളുടെ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം Transplantation of Human Organs and Tissues Act,1994 പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. എറണാകുളത്തെ രണ്ട് ആശുപത്രികൾക്ക് അന്താരാഷ്ട്ര അവയവ കടത്തുമായി ബന്ധമുണ്ടെന്നും തിരുവനന്തപുരത്ത് അനധികൃത അവയവമാറ്റ ശസ്ത്രക്രിയ നടന്നുവെന്നുമുള്ള ആരോപണങ്ങളിന്മേൽ നെടുമ്പാശ്ശേരി/പൂജപ്പുര പോലീസ് സ്റ്റേഷനുകളിലായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്യുകയും 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് വിശദമായ അന്വേഷണം നടത്തിവരികയും റാക്കറ്റിന്റെ മുഖ്യ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്കെതിരെ 'ബ്ലൂ കോർണർ'

നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.